പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 686 | 30.06.2015- ൽ മറുപടി നല്കേണ്ടത്. |
|---|---|

## ഭക്ഷണ പാനീയങ്ങളിൽ കീടനാശിനി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സി. മോയിൻ കുട്ടി<br>" കെ. എം. ഷാജി<br>" റ്റി.എ. അഹമ്മദ് കബീർ<br>" സി.മമ്മൂട്ടി | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | മുൻനിര കുത്തക കമ്പനികൾ വിൽപന നടത്തുന്ന ഭക്ഷണ പാനീയങ്ങളിൽ കീടനാശിനി മുതൽ ആന്റി ബയോട്ടിക്കുകൾ വരെ ഹാനികരമായ തോതിൽ അടങ്ങിയിട്ടുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | എ) | ഭക്ഷ്യസുരക്ഷാ വകുപ്പ് മുൻ വർഷങ്ങളിൽ നടത്തിയിട്ടുള്ള പരിശോധനകളിൽ ഇത്തരം കീടനാശിനികളുടേയും ആന്റി ബയോട്ടിക്കുകളുടേയും സാന്നിദ്ധ്യം ഹാനികരമായ രീതിയിൽ കണ്ടെത്തിയിട്ടില്ല. |
| ബി) | ഇതു സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഏതെങ്കിലും ഭക്ഷ്യവിഭവം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | ബി | അഞ്ച് വർഷങ്ങൾക്കുമുമ്പുള്ള മായം ചേർക്കൽ നിരോധന നിയമപ്രകാരം പരിശോധന നടത്തിയിട്ടുള്ള പെപ്സി, കൊക്കോക്കോള തുടങ്ങിയവയിൽ കീടനാശിനികളുടെ അളവ് ക്രമാതീതമായി കണ്ടെത്തിയിരുന്നു. |
| സി) | ഇത്തരം ഭക്ഷ്യവിഭവങ്ങൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കാൻ നടപടി സ്വീകരിക്കുമോ? | സി) | ഇത്തരം ഭക്ഷ്യവിഭവങ്ങൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കുവാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ